"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - എക്സൈസ് ഇൻസ്പെക്ടർ ശ്രീ. അജീഷ്.LR-ന് പ്രത്യേക അവശതാവധി (Special Disability Leave) അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.335/2025/TAXES തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:-

1. സ.ഉ. (പി) നം. 112/2017/ധന തീയതി 24.08.2017
2. ശ്രീ. അജീഷ്. L R 03.01.2025-ൽ സമർപ്പിച്ച അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 07.02.2025-ലെ EXC/4269/2024-XD5 നമ്പർ കത്ത്.

**ഉത്തരവ്**

മാവിളക്കടവ് എക്സൈസ് ചെക്ക് പോസ്റ്റിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ അജീഷ്.L.R നെയ്യാറ്റിൻകര എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ആയിരുന്നപ്പോൾ എക്സൈസ് കലാ കായിക മേളയുടെ ഭാഗമായി 04/02/2024 ന് കൊല്ലത്ത് വച്ച് നടന്ന സോണൽ ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുകയും കൊല്ലം ജില്ലയുമായി നടന്ന മത്സരത്തിനിടയിൽ ഗ്രൗണ്ടിൽ വച്ച് ഉണ്ടായ അപകടത്തിൽ ടിയാന്റെ വലതു കാലിന്റെ തുടയെല്ല് പൊട്ടിയതിനെത്തുടർന്ന് ചികിത്സയിൽ പ്രവേശിച്ചിരുന്നതും ചികിത്സാർഥം അവധിയിലായിരുന്ന 05.02.2024 മുതൽ 02.06.2024 വരെ Special Disability Leave അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഉചിതമാർഗേണ ടിയാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും തുടർനടപടികൾ സ്വീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാവിളക്കടവ് എക്സൈസ് ചെക്ക് പോസ്റ്റിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ അജീഷ്. L.R നെയ്യാറ്റിൻകര എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ആയിരുന്നപ്പോൾ എക്സൈസ് കലാ കായിക മേളയുടെ ഭാഗമായി 04/02/2024 ന് കൊല്ലത്ത് വച്ച് നടന്ന സോണൽ ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുകയും കൊല്ലം ജില്ലയുമായി നടന്ന മത്സരത്തിനിടയിൽ ഗ്രൗണ്ടിൽ വച്ച് ഉണ്ടായ അപകടത്തിൽ വലതു

കാലിന്റെ തുടയെല്ല് പൊട്ടിയതിനെത്തുടർന്ന് ചികിത്സാർഥം അവധിയിലായിരുന്ന 05.02.2024 മുതൽ 02.06.2024 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധി (Special Disability Leave) അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. ശ്രീ അജീഷ്. L. R, എക്സൈസ് ഇൻസ്പെക്ടർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ, (എ&ഇ/അഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനന്തപുരം, കേരളം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/151/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 09-04-2025 14:52:27
സെക്ഷൻ ഓഫീസർ